LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി)1. ലിഫ്റ്റ് അല്ലെങ്കിൽ എസ്കലേറ്റർ ഉപയോഗിക്കുന്ന ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുക

2. ഇവയുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുക

3. സംസ്ഥാനത്ത് നിലവാരമില്ലാത്ത ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും പ്രതിഷ്ഠാപനങ്ങൾ ഒഴിവാക്കുക.

(സി) മേൽപ്പറഞ്ഞ മേഖലയിൽ പൂർണ്ണമായും പ്രയോജനപ്പെടുന്നുണ്ട്.

(ഡി) 1. നിലവാരമുള്ള ലിഫ്റ്റ്/എസ്കലേറ്റർ നിർമ്മിക്കുന്നതിനുള്ള ലൈസൻസ് നിർമ്മാതാക്കൾക്ക് നൽകുന്നു.

2. ചട്ടം നിലവിൽ വന്നതിനുശേഷമുള്ള എല്ലാ ടി പ്രതിഷ്ഠാപനങ്ങളുടെയും നിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുകയും ലൈസൻസ് നൽകുകയും ചെയ്യുന്നു.

3. ചട്ടം നിലവിൽ വരുന്നതിനു മുമ്പുള്ള ടി പ്രതിഷ്ഠാപനങ്ങൾക്ക് സമയപരിധി നൽകി നിലവാരമുള്ളതാക്കിക്കൊണ്ട് ലൈസൻസ് നൽകുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആർ.എ.പി.ഡി.ആർ.പി.

20 (4602) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എ.പി.ഡി.ആർ.പി. (Restructured Accelerated Power Development and Reforms Programme) പദ്ധതിയിൽ പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) പൂർണ്ണമായും മുനിസിപ്പാലിറ്റികളെ മാത്രമാണോ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ മുനിസിപ്പാലിറ്റികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ;

(ഡി) പദ്ധതിയുടെ പൂർത്തീകരണത്തിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു വർഷമാണ് പദ്ധതി അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ച് മുപ്പതിനായിരത്തിലധികം ജനസംഖ്യയുള്ള ടൗണുകളെയാണ് ആർ.എ.പി.ഡി. ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻസിപ്പാലിറ്റിയെന്ന് പ്രത്യേകം തരംതിരിച്ചിട്ടില്ല.

(സി) പദ്ധതിയിൽ ഉൾപ്പെട്ട ടൗണുകളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്."

(ഡി) അനുമതി ലഭിച്ച് അഞ്ച് വർഷത്തിനുള്ളിലാണ് പദ്ധതി പൂർത്തീകരിക്കേണ്ടത്. ഇതിൻപ്രകാരം 40 ടൗണുകളുടെ കാലാവധി 2015-ലും രണ്ട് ടൗണുകളുടെ കാലാവധി 2016-ലും ഒരു ടൗണിന്റെ കാലാവധി 2017-ലുമാണ് അവസാനിക്കുന്നത്.

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പദ്ധതി

21 (4603) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന പദ്ധതി (DDUGJY)-യുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി അസംബ്ലി നിയോജക മണ്ഡല അടിസ്ഥാനത്തിലാണോ നടപ്പാക്കുന്നതെന്നും ഇതിനായി സംസ്ഥാനത്തിന് ആകെ എത്ര കോടി രൂപയാണ് അനുവദിക്കുന്നതെന്നും ഓരോ നിയോജക മണ്ഡലത്തിലും എത്ര ലക്ഷം വീതം ചെലവഴിക്കപ്പെട്ടുമെന്നും വ്യക്തമാക്കുമോ ;

(സി) മേൽ പ്രസ്താവിച്ച പദ്ധതിയുടെ കാലാവധിയും നടത്തിപ്പും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഗ്രാമപ്രദേശങ്ങളിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി പ്രകാരമുള്ള ഫണ്ട് വിനിയോഗിക്കുവാൻ കഴിയുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24x7 വൈദ്യുതി ലഭ്യമാക്കുക, വൈദ്യുതി പ്രസരണ/വിതരണ നഷ്ടം കുറയ്ക്കുക (AT&C loss) എന്നിവയാണ് ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY)യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഗ്രാമപ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. BPL കണക്ഷനുകൾ, അനുബന്ധ ഉപ പ്രസരണ/വിതരണ ശൃംഖലയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly